"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമവകുപ്പ്- ഹെൽത്ത് സർവീസസ് ജീവനക്കാര്യം -കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം കുടുംബാരോഗ്യകേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നഴ്സ് ശ്രീമതി മായാകുമാരി പി. -ക്ക് പലിശ രഹിത ചികിൽസാ വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1490/2026/H&FWD തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-
1. സ.ഉ (അച്ച.) നം.45/1997/ആ.ക.വ തീയതി 18.02.1997
2. സ.ഉ (അച്ച.) നം.285/2000/ആ.കു.വ തീയതി 02.11.2000
3. സ.ഉ (അച്ച.) നം.298/2001/ആ.കു.വ തീയതി 20.11.2001
4. സ.ഉ.(അച്ചടി) നം. 100/2024/ധന, തീയതി.22.11.2024
5. ശ്രീമതി മായാകുമാരി പി. സമർപ്പിച്ച 23/02/2026 തീയതിയിലെ അപേക്ഷ
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11-03-2026 തീയതിയിലെ MH2/5751/2026/DHS നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം(6) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം കുടുംബാരോഗ്യകേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നഴ്സ് ശ്രീമതി മായാകുമാരി പി. ( PEN No.315853, D.O.B-30/05/1973)-ക്ക് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ [Deep Brain Stimulation (DBS) Implantation - Neurosurgery] ചികിത്സയ്ക്കായി,24,00,000/- രൂപ (ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ പരാമർശം (4) ഉത്തരവിലെ ഖണ്ഡിക-vi പ്രകാരവും പരാമർശത്തിലെ മറ്റ് സർക്കാർ ഉത്തരവുകൾക്കും ചുവടെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ (2026-2027 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്.

2. ഇപ്രകാരം അനുവദിച്ച 24,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീമതി മായാകുമാരി പി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത

ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ എന്നും കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം)
ശ്രീമതി മായാകുമാരി പി., പബ്ലിക് ഹെൽത്ത് നഴ്സ് , കുടുംബാരോഗ്യകേന്ദ്രം, തൃക്കോവിൽവട്ടം, കൊല്ലം
ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം
മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, കുടുംബാരോഗ്യകേന്ദ്രം, തൃക്കോവിൽവട്ടം, കൊല്ലം
ട്രഷറി ഓഫീസർ, സബ് ട്രഷറി, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ&ഇ) കേരളം,തിരുവനന്തപുരം
ധനകാര്യ(ലോൺസ്) വകുപ്പ് (07/04/2026-ലെഎൽ3/30/2026-ധന
നമ്പർ പ്രകാരം)
ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്(25/03/2026-ലെ ജി2/172/2026/ആ. കു. വ നമ്പർ പ്രകാരം)
ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ )വകുപ്പ്.
കരുതൽ ഫയൽ (C1/41/2026-HEALTH) / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 23-04-2026 14:36:06
സെക്ഷൻ ഓഫീസർ